(ഡി) പ്ലസ് ടൂ സ്കൂളുകൾ നൽകുന്നതിന് ഗവൺമെന്റ് വിവേചനം കാണിച്ചു എന്ന ആക്ഷേപം ഏതെങ്കിലും കോർപ്പറേറ്റ് ഏജൻസിയോ സമുദായ സംഘടനകളോ വ്യക്തികളോ ഉന്നയിച്ചിട്ടുണ്ടോ;

(ഇ) ഇങ്ങനെയുള്ള എന്തെങ്കിലും ആക്ഷേപം പത്രങ്ങളിൽ വന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) ഇല്ല.

10-ാം ക്ലാസ്സ് പാസ്സാകുന്ന എല്ലാ കുട്ടികളും പ്ലസ് ടൂവിലേയ്ക്ക് വരുന്നില്ല. ആയതിനാൽ എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടൂ അനുവദിക്കേണ്ട ആവശ്യമില്ല.

(സി) നയപരമായ തീരുമാനം ആവശ്യമാണ്.

(ഡി)&(ഇ) പ്ലസ്ടൂ സ്കൂളുകൾ നൽകിയതിൽ ആനുപാതിക പ്രാതിനിധ്യം പാലിക്കപ്പെട്ടിട്ടില്ലെന്ന പരാതി ചില സമുദായ സംഘടനകൾ ഉന്നയിച്ചിരുന്നു. ഈ പരാതി അടിസ്ഥാനമുള്ളതല്ല. പ്രീഡിഗ്രി പരിപൂർണ്ണമായി ഡീലിംഗു ചെയ്താൽ മാത്രമേ പരാതികൾ നീക്കാൻ സാധിക്കൂ.

28 (*114) റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം

ശ്രീ. എം.എ. തോമസ് :
ശ്രീ. പി.കെ. കുമാരൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനും നിർമ്മാണത്തിനുമായി സ്വകാര്യ മേഖലയുടെ പങ്കാളിത്തം ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണവും വികസനവും സ്വാകാര്യമേഖലയ്ക്ക് നൽകുന്ന പക്ഷം ഇതിനാവശ്യമായ റിഭവസമാഹരണം എപ്രകാരം നടത്തുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി ബോണ്ടുകൾ ഇറക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ഏതൊക്കെ റോഡുകളും പാലങ്ങളുമാണ് പുതുക്കി പണിയേണ്ടതോ വീതി കൂട്ടേണ്ടതോ ആയിട്ടുള്ളതെന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ പ്രസ്തുത വിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ജി) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണി ഇനിയും ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) മട്ടാഞ്ചേരിയിൽ ഒരു പുതിയ പാലം ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് ഒരു സ്വകാര്യ കമ്പനിക്ക് കരാർ നൽകിയിട്ടുണ്ട്. പച്ചപ്പൊയ്കമുതൽ കുന്ദമംഗലം വരെയുള്ള 73 കി.മീ. നീളം വരുന്ന ഒരു പുതിയ എക്സ്പ്രസ്വേലിങ്കിന്റെ സ്വകാര്യ പങ്കാളിത്തം സാദ്ധ്യതാപഠനം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റുചില റോഡു പദ്ധതികൾക്കും സ്വകാര്യ മേഖലയുടെ പങ്കാളിത്ത സാദ്ധ്യത പരിശോധിക്കുന്നുണ്ട്.

(സി)&(ഡി) സ്വകാര്യ മേഖലയെ ഏല്പിക്കുന്ന ബി.ഒ.ടി. പദ്ധതികളിൽ സ്വകാര്യ സംരംഭകർ തന്നെ മുതൽമുടക്കുകയും നിശ്ചിതകാലയളവിൽ ടോൾ പിരിച്ചശേഷം പദ്ധതി സർക്കാരിന് കൈമാറുകയും ചെയ്യുക എന്നതാണ് വ്യവസ്ഥ. ബോണ്ടുകൾ ഇറക്കി കൂടുതൽ ഫണ്ട് സ്വരൂപിക്കാൻ ആലോചനകൾ ഉണ്ട്.

(ഇ)&(എഫ്) 9000 കി.മി റോഡുകളുടെ നിലവാരവും ഗതാഗതത്തിന്റെ തോതും RITES എന്ന സ്ഥാപനം വഴി പഠനവിധേയമാക്കിയിട്ടുണ്ട്. 2810 കി.മീ റോഡുകൾ വികസനത്തിനായി തിരഞ്ഞെടുത്ത് ലോകബാങ്കിന് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചു. ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം ഇതിൽ അത്യാവശ്യമായി വികസിപ്പിക്കേണ്ട 1000 കി.മീ. ന്റെ സാങ്കേതിക സാമ്പത്തിക സർവ്വേ നടന്നുവരികയാണ്. ഇതിനുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് 2000-ാംമാണ്ട് ഫെബ്രുവരി-മാർച്ച് മാസത്തോടെ ലോക ബാങ്കിന്റെ സഹായത്തിനായി സമർപ്പിക്കുന്നതാണ് ഈ പദ്ധതിക്ക് മൊത്തം 2000 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) സ്റ്റേറ്റ് ഹൈവേകളുടെയും എം.ഡി.ആർ.കളുടെയും അടിയന്തിര അറ്റകുറ്റപ്പണികൾ ഡിസംബർ 31 നു മുൻപ് പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് അറ്റകുറ്റപണികൾ 2000 ഏപ്രിൽ 30-നുള്ളിൽ തീർക്കുന്നതാണ്.

29 (*115) സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരിക്കൽ പരിപാടി

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്ക്കരിക്കാൻ പരിപാടി ഇട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി എന്താണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly